# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2152 16.08.2017- ൽ മറുപടിക്ക്**

### കൈത്തറി മേഖലയിലെ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം കൈത്തറി തുണി നൽകുവാൻ കൈത്തറി സംഘങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നതിന് എത്ര മീറ്റർ തുണി ആവശ്യമുണ്ട് ; പ്രസ്തുത തുണി നെയ്ത് നൽകുന്നതിനുള്ള തറികൾ ഈ സഹകരണ സംഘങ്ങൾക്ക് നിലവിലുണ്ടോ; | (ബി) സംസ്ഥാനത്തെ സ്കൂളുകളിലെ എല്ലാ സ്കൂൾ കുട്ടികൾക്കും യൂണിഫോം നൽകുന്നതിന്റെ കണക്ക് എടുത്തിട്ടില്ല. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 130 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് കൈത്തറിമേഖലയിൽ 29000 തോളം തറികൾ രജിസ്റ്റർ ചെയ്തതിൽ നിലവിൽ പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ഏകദേശം 9000 മാത്രമാണ്.എല്ലാ തറികളും ഈ പദ്ധതിക്ക് പൂർണ്ണമായും വിനിയോഗിച്ചാൽ നെയ്യുവാൻ കഴിയും. |
| (സി) പുതുതായി കൈത്തറി മേഖലയിലേയ്ക്ക് കടക്കുന്നവർക്ക് തറികൾ ഇട്ടുകൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എത്ര തറികൾ ഇതിനകം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) 2017-18 സാമ്പത്തിക വർഷത്തേക്ക് ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 75% സർക്കാർ ധനസഹായം നൽകുന്നു. കൂടാതെ പ്രവർത്തനക്ഷമമല്ലാത്ത തറികൾ കേടുപാടു തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയിൽ തുണി ഉൽപ്പാദിപ്പിക്കുന്നതിലേക്കായി തറികളുടെ അറ്റകുറ്റപ്പണിക്കായി നെയ്ത്തുകാർക്ക് 4000/- രൂപ വീതം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ